**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 806** **06-12-2022 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | പിറവം നിയോജക മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നറിയിക്കുമോ; | (എ) | കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കുന്നതിലേക്കായി പിറവം മണ്ഡലത്തിൽ നിന്നും 30.11.2022 വരെ ആകെ **312** അപേക്ഷകൾ ലഭ്യമായിട്ടുണ്ട് |
| (ബി) | പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) | അർഹതപ്പെട്ട **188** അപേക്ഷകളിലായി 1,64,10,673/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇനിയും ഈ ആനുകൂല്യം ലഭ്യമാക്കാത്ത അപേക്ഷകളുടെ എണ്ണം ലഭ്യമാക്കുമോ; | (സി) | ആനുകൂല്യം ലഭ്യമാക്കുവാൻ 99 അപേക്ഷകൾ ബാക്കിയുണ്ട്. |
| (ഡി) | അർഹരായ അപേക്ഷകർക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | 30.06.2022 വരെ ലഭ്യമായ റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുള്ളതാണ്.<br><br>കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത ശേഷം മരണപ്പെട്ടുകയോ മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ മുഴുവൻ വായ്പാക്കാർക്കും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. മാരകരോഗം ബാധിക്കുന്ന/മരണപ്പെടുന്ന വായ്പാക്കാർക്കുള്ള ചികിത്സാ സഹായവും, മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/ സംഘമാണ് ബോർഡിലേക്ക് സമർപ്പിക്കേണ്ടത്. സംഘം/ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും, ആയത് പരിഹരിച്ചുവരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. ടി നടപടികൾക്കുശേഷവും ഉണ്ടായിട്ടുള്ള കുടിശ്ശിക |

| | | | |
|---|---|---|---|
| | | | ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ഫയൽ അദാലത്ത് സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ